# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പതിനെട്ടാം ലോക് സഭയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ പൂർത്തിയായി. സ്പീക്കർ തിരഞ്ഞെടുപ്പ് നാളെ.

**The oath taking process by the newly elected MPs in the 18th Lok Sabha completed today. The election for the post of Lok Sabha Speaker to be held tomorrow.**

2) തമിഴ്നാട്ടിലെ കള്ളക്കുറിച്ചിയിലുണ്ടായ വ്യാജമദ്യ ദുരന്തത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു

**The National Human Rights Commission (NHRC) has taken suo motu cognizance of a media report on the death of people after consuming spurious liquor in Kallakurichi district, Tamil Nadu..**

3) കാർഷിക മേഖലയിൽ സുസ്ഥിരത ഉറപ്പാക്കാൻ ആഗോള സഹകരണം ആവശ്യമാണെന്ന് കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി.

**Union MinisterPralhad Joshi has called for a global co-operation for ensuring sustainablity in agricultural field**

4) കേരളത്തിൽ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പഠിക്കാൻ രണ്ടംഗ സമിതിയെ നിയോഗിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. വിഷയത്തിൽ ഇടപെട്ട് ദേശീയ ബാലാവകാശ കമ്മീഷൻ.

**In Kerala, two member committee has been formed to look into the plusone seat shortage issue, said Minister V. Sivankutty. National child right commission seeked explanation.**

5) ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിന്റെ ചിത്രം തെളിഞ്ഞു; ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയെയും രണ്ടാം സെമിയിൽ ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും.

**In T 20 Cricket Worldcup, Afghanisthan will face South Africa while India will play against England in Semifinals**

## PARLIAMENT

പതിനെട്ടാം ലോക് സഭയുടെ രണ്ടാം സമ്മേളന ദിനമായ ഇന്ന്, പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള അംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്യു. ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, നിതിൻ ഗഡ്കരി, ശിവരാജ് സിംഗ് ചൗഹാൻ, പിയൂഷ് ഗോയൽ, ഉൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ട 266 എംപിമാർ സത്യപ്രതിജ്ഞ ചെയ്യു.. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറിൻറെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ മറ്റന്നാൾ അഭിസംബോധന ചെയ്യും. മറ്റന്നാൾ രാജ്യസഭാ സമ്മേളനത്തിനും തുടക്കമാകും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെൻറ് സമ്മേളനം.

## SPEAKER - LS

പതിനെട്ടാം ലോക് സഭ സ്പീക്കർ സ്ഥാനത്തേക്ക് ഓം ബിർളയുടെ പേര് നിർദ്ദേശിച്ച് എൻഡിഎ. മാവേലിക്കരയിൽ നിന്നുള്ള എം.പി കൊടിക്കുന്നിൽ സുരേഷിനെ പ്രതിപക്ഷം സ്പീക്കർ സ്ഥാനാർത്ഥിയായി നിർദ്ദേശിച്ചു. നാളെയാണ് ലോക് സഭാ സ്പീക്കർ തിരഞ്ഞെടുപ്പ്. അതേസമയം, ലോക് സഭാ സ്പീക്കറെ തീരുമാനിക്കാൻ നാളിതുവരെ തിരഞ്ഞെടുപ്പ് നടന്നിട്ടില്ലെന്നും ഇത് സംബന്ധിച്ച് പ്രതിപക്ഷ അംഗങ്ങളോട് സർക്കാർ സംസാരിച്ചെന്നും കേന്ദ്ര പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു മാധ്യമങ്ങളോട് പറഞ്ഞു.

## EVE. FM- PRE BUDGET-MEET

വരാനിരിക്കുന്ന പൊതുബജറ്റിനുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ന്യൂഡൽഹിയിൽ വ്യാപാര സേവന പ്രതിനിധികളുമായി സംവദിച്ചു. കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, മറ്റ് സാമ്പത്തിക വിദഗ്ദർ എന്നിവരും യോഗത്തിൽ പങ്കെടുത്തു. മറ്റൊരു യോഗത്തിൽ ശ്രീമതി സീതാരാമൻ തൊഴിൽ, നൈപുണ്യ വികസന മേഖലകളിലെ വിദഗ്ധരുമായും കൂടിയാലോചന നടത്തി. ഇന്നലെ, ട്രേഡ് യൂണിയനുകളുടെയും തൊഴിലാളി സംഘടനകളുടെയും പ്രതിനിധികളു മായും കേന്ദ്രമന്ത്രി ചർച്ച നടത്തിയിരുന്നു.

## NHRC-TAMIL NADU LIQUOR

തമിഴ്നാട്ടിലെ കള്ളക്കുറിച്ചി ജില്ലയിലുണ്ടായ വ്യാജമദ്യ ദുരന്തത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. സംഭവത്തിൽ ഒരാഴ്ചയ്ക്കകം വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് തമിഴ്നാട് ചീഫ് സെക്രട്ടറിക്കും പോലീസ് മേധാവിക്കും കമ്മീഷൻ നോട്ടീസ് അയച്ചു. ദുരന്തത്തിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടിയെ ക്കുറിച്ചും കമ്മീഷൻ ആരാഞ്ഞിട്ടുണ്ട്. വ്യാജമദ്യ ദുരന്തത്തിൽ 50ൽ അധികംപേർക്ക് ജീവൻ നഷ്ടമായിരുന്നു. സ്ത്രീകളുൾപ്പെടെ നിരവധിപ്പേർ ആശുപത്രിയിൽ ചികിത്സയിലാണ്. ഇവരിൽ ചിലരുടെ നില ഗുരുതരമാണെന്നാണ് മാധ്യമ റിപ്പോർട്ട്.

## HOOCH TRAGEDY REAX

കള്ളക്കുറിച്ചി വ്യാജമദ്യ ദുരന്തത്തിൽ AIADMK, തമിഴ്നാട് ഗവർണർ ആർ എൻ രവിക്ക് നിവേദനം നൽകി. സഭാ നടപടികൾ തടസ്സപ്പെടുത്തിയെന്ന് ആരോപിച്ച് ഒരു ദിവസത്തേക്ക് നിയമസഭയിൽ ഹാജരാകുന്നതിൽ നിന്ന് സസ്പെൻഡ് ചെയ്യപ്പെട്ടതിന് പിന്നാലെയാണ് പ്രതിപക്ഷം ഗവർണറെ സമീപിച്ചത്. ഇന്ന് സഭ ചേരവെ, ചോദ്യോത്തരവേള മാറ്റിവച്ച്, കള്ളക്കുറിച്ചി വ്യാജമദ്യ ദുരന്തം ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടെങ്കിലും സ്പീക്കർ അപ്പാവു അനുമതി നിഷേധിച്ചു. തുടർന്നുണ്ടായ പ്രതിപക്ഷ ബഹള ത്തെത്തുടർന്നാണ് സസ്പെൻഷൻ. അതേസമയം, മദ്യദുരന്തത്തിൽ 20 ലധികം പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി എം. കെ സ്റ്റാലിൻ സഭയിൽ പറഞ്ഞു. വിഷയത്തിൽ രാഷ്ട്രീയ നേട്ടമുണ്ടാക്കാനാണ് പ്രതിപക്ഷ ത്തിൻറെ ശ്രമമെന്നും അദ്ദേഹം വിമർശിച്ചു.

## FUR REV. JOSHI ISO MEET

വിവിധ ഇനങ്ങളിലെ കരിമ്പ് കൃഷി ചെയ്യുന്നതിനും സുസ്ഥിരത ഉറപ്പാക്കാനും ആഗോള സഹകരണം ആവശ്യമാണെന്ന് കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി. ന്യൂഡൽഹിയിൽ ഇൻററർനാഷണൽ ഷുഗർ ഓർഗനൈസേഷന്റെ 64-ാമത് കൗൺസിൽ യോഗത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ശില്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ പദ്ധതികൾ ആരംഭിക്കുമ്പോൾ ഉപഭോക്താക്കൾ, കർഷകർ, വ്യാപാരികൾ എന്നിവരുടെ താത്പര്യങ്ങൾ സംരക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു. കുറച്ചു വെള്ളം മാത്രം ഉപയോഗിച്ച് കൂടുതൽ വിളവ് ലഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. 30-ലധികം രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര സംഘടനകളുടെ പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുത്തത്.

## DEFENCE-INNOVATION

150 കിലോഗ്രാം വരെ ഭാരം വഹിക്കാൻ കഴിയുന്ന ചെറു ഉപഗ്രഹം വികസിപ്പിക്കുന്നതിന് പുതിയ കരാറിൽ ഒപ്പുവച്ച് കേന്ദ്ര പ്രതിരോധ മന്ത്രാലയം. മന്ത്രാലയത്തിന്റെ മുൻനിര സംരംഭമായ ഇന്നൊവേഷൻസ് ഫോർ ഡിഫൻസ് എക്സലൻസ്, സ്പേസ് പിക്സൽ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡുമായാണ് കരാറിലേർപ്പെട്ടത്. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര പ്രതിരോധ സെക്രട്ടറി ഗിരിധർ അരമനയും മന്ത്രാലയത്തിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു. പ്രതിരോധമേഖലയിൽ സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി പുതിയ ആശയങ്ങൾ വികസിപ്പിക്കുന്നവരുടെ പ്രതിബദ്ധതയെ ശ്രീ ഗിരിധർ അരമന അഭിനന്ദിച്ചു.

## ASSEMBLY

പ്രതിപക്ഷ ബഹളം രൂക്ഷമായതിനെ തുടർന്ന് കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ ശിക്ഷാ ഇളവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചതിനെ തുടർന്നായിരുന്നു പ്രതിഷേധം. പ്രതിപക്ഷത്ത് നിന്ന് കെ കെ രമയാണ് അടിയന്തര പ്രമേയ അവതരണത്തിന് അനുമതി തേടിയത്. പ്രതികൾക്ക് ശിക്ഷാ ഇളവ്

നൽകുന്നത് സംബന്ധിച്ച നീക്കം സർക്കാരിൻറെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ലെന്ന് സ്പീക്കർ പറഞ്ഞു. അടിയന്തര പ്രാധാന്യമുള്ള വിഷയമല്ലാത്തതിനാൽ നോട്ടീസ് നിരസിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. സർക്കാർ പറയേണ്ട മറുപടി സ്പീക്കർ പറഞ്ഞത് അനൗചിത്യമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. പ്രതിപക്ഷം മുദ്രാവാക്യം വിളികളുമായി നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുന്നതിനിടെ സ്പീക്കർ മറ്റ് സഭാ നടപടികളിലേക്ക് കടന്നു. എന്നാൽ ബഹളം രൂക്ഷമായതിനെ തുടർന്ന് സഭ പിരിയുകയായിരുന്നു.

## PLUS ONE

പ്ലസ് വൺ സീറ്റ് പ്രതിസന്ധി പഠിക്കാൻ രണ്ടംഗ സമിതിയെ നിയോഗിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. ഹയർ സെക്കൻഡറി ജോയിൻറ് ഡയറക്ടറും മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറും സമിതിയിലുണ്ട്. സമിതി റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലായിരിക്കും ബാച്ച് വർധനയിൽ തീരുമാനമെടുക്കുക. പ്ലസ് വൺ ക്ലാസുകളിൽ ഇനിയും കുട്ടികളുടെ എണ്ണം കൂട്ടാനാകില്ലെന്നും താൽക്കാലിക ബാച്ച് അനുവദിക്കു മെന്നും വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. അതേസമയം, വിഷയത്തിൽ ഇടപെട്ട ദേശീയ ബാലാവകാശ കമ്മീഷൻ സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിനോട് റിപ്പോർട്ട് തേടി. ഏഴ് ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നോട്ടീസ്

## IMD-EVE (INTRO)

രാജ്യത്തിൻറെ വടക്കുകിഴക്കൻ പ്രദേശങ്ങളിലും പടിഞ്ഞാറൻ തീര പ്രദേശങ്ങളിലും അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേളത്തിലും കനത്ത മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങളിലേക്ക്

(VOICE)

പശ്ചിമ ബംഗാളിലും സിക്കിമിലും കനത്ത മഴ തുടരുമെന്നാണ് കാലാവസ്ഥ വകുപ്പിന്റെ അറിയിപ്പ്. ഡൽഹിയിലും അടുത്ത ആറ് ദിവസത്തേക്ക് നേരിയ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുണ്ട്. വരും ദിവസങ്ങളിൽ

തെക്കുപടിഞ്ഞാറൻ മൺസൂൺ മധ്യ, കിഴക്ക്, വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിലേക്ക് വ്യാപിക്കുമെന്നാണ് കാലാവസ്ഥ പ്രവചനം. കേരളത്തിൽ കനത്ത മഴ തുടരുന്നതിനാൽ പത്തനംതിട്ട, ഇടുക്കി, കണ്ണൂർ ജില്ലകളിൽ കാലാവസ്ഥ നിരീക്ഷണ കേന്ദ്രം ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യത യുള്ളതിനാൽ മത്സ്യത്തൊഴിലാളികളും പ്രദേശ വാസികളും ജാഗ്രത പുലർത്തണം.

എന്നാൽ പഞ്ചാബ്, ഹരിയാന, പശ്ചിമ ഉത്തർപ്രദേശ്, ബീഹാർ, പടിഞ്ഞാറൻ രാജസ്ഥാൻ എന്നിവിടങ്ങളിൽ ഉഷ്ണതരംഗം തുടരുമെന്നതിനാൽ ജാഗ്രത പാലിക്കണം

## CRICKET

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ ലൈനപ്പായി. മറ്റന്നാൾ പുലർച്ചെ ആറിന് തരാബയിൽ ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയുമായും രണ്ടാം സെമിയിൽ രാത്രി എട്ടിന് ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും. ഇന്ന് നടന്ന മത്സരത്തിൽ ബംഗ്ലാദേശിനെ 8 റൺസിന് പാരാജയപ്പെടുത്തിയാണ് അഫ്ഗാനിസ്ഥാൻ സെമി യോഗ്യത നേടിയത്. ഇതോടെ ഓസ്ട്രേലിയ ടൂർണമെൻറിൽ നിന്ന് പുറത്തായി. ഇന്നലെ നടന്ന സൂപ്പർ 8 മത്സരത്തിൽ ഓസ്ട്രേലിയയെ 24 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിലെത്തിയത്.

## EURO CUP

യുവേഫ യൂറോപ്യൻ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഗ്രൂപ്പ് ഡിയിൽ ഇന്ന് ഫ്രാൻസ് പോളണ്ടിനെയും, നെതർലൻഡ്സ് ഓസ്ട്രിയയെയും നേരിടും. ഗ്രൂപ്പ് സിയിലെ മത്സരത്തിൽ ഡെന്മാർക്ക് സെർബിയയുമായി ഏറ്റുമുട്ടും. രാത്രി 9.30നാണ് മത്സരങ്ങൾ. ഗ്രൂപ്പ് സിയിൽ അർധരാത്രി 12.30ന് നടക്കുന്ന മത്സരങ്ങളിൽ ഡെൻമാർക്ക് സെർബിയയെയും ഇംഗ്ലണ്ട് സ്ലോവേനിയ യെയും നേരിടും.

## DELHI- WATER CRISIS

രാജ്യതലസ്ഥാനത്ത് വിവിധ ഇടങ്ങളിൽ മഴ ലഭിച്ചിട്ടും ഡൽഹിയിൽ ജലക്ഷാമം രൂക്ഷം. മയൂർ വിഹാർ ഫെയ്സ് 1, ഓഖ്ല, ഗീതാ കോളനി, വസന്ത് വിഹാർ, പട്ടേൽ നഗർ, സഞ്ജയ് കോളനി, മെഹ്റൗളി, വികാസ് പുരി, മോത്തി നഗർ, ഛത്തർപൂർ, വസന്ത് കുഞ്ച്, ചാണക്യാപുരി, കൃഷ്ണ നഗർ, നരേല തുടങ്ങിയ ഇടങ്ങളിൽ ജലക്ഷാമം രൂക്ഷമായി തുടരുകയാണ്.

## PM-EMERGENCY

1975ലെ അടിയന്തരാവസ്ഥക്കെതിരെ ശബ്ദമുയർത്തിയ എല്ലാ മഹത് വ്യക്തികൾക്കും പ്രധാനമന്ത്രി നരേന്ദ്രമോദി ആദരവ് അർപ്പിച്ചു. അടിയന്ത രാവസ്ഥ കാലത്തു സംഭവിച്ച ഭരണ ഘടനാ ലംഘനങ്ങളും മൂല്യ ശോഷണവും ഈ ദിവസം ഓർമപ്പെടുത്തുന്നു വെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. അടിയന്തരാവസ്ഥയുടെ 49 ആം വാർഷികമാണ് ഇന്ന്.

## REV. DELHI - FIRE PREM NAGAR

ഡൽഹിയിൽ രണ്ടിടത്ത് തീപിടിത്തം. പ്രേം നഗറിൽ ഉണ്ടായ തീപിടത്തത്തിൽ നാലു പേർ മരിച്ചു. പുക ശ്വസിച്ചതാണ് മരണ കാരണമെന്ന് അഗ്നിശമന വിഭാഗം അറിയിച്ചു. രാവിലെ 3.30 ഓടെയുണ്ടായ തീപിടിത്തം. അഗ്നിശമന വിഭാഗത്തിൻറെ രണ്ട് യൂണിറ്റുകളെത്തിയാണ് തീ നിയന്ത്രണ വിധേയമാക്കിയത്.

സഫ്ദാർഗഞ്ച് ആശുപത്രി എമർജൻസി വിഭാഗത്തിൻറെ പഴയ കെട്ടിടത്തിലും ഇന്ന് രാവിലെ തീപിടത്തമുണ്ടായി. ഒരു മണിക്കൂറിലേറെ നീണ്ട പരിശ്രമത്തിൽ തീ നിയന്ത്രണ വിധേയമാക്കി. ആശുപത്രിയുടെ സ്റ്റോർ മുറിയിൽ നിന്നാണ് തീ പടർന്നത്. തീപിടത്തിൽ ആർക്കും ജീവൻ നഷ്ടമായിട്ടില്ല.